**Mahatma Gandhi University**
Priyadarsini Hills P.O. Athirampuzha,
Kottayam - 686560

08.10.2020

## സി.ബി.സി.എസ് ആറാം സെമസ്റ്റർ സ്പെഷ്യൽ പരീക്ഷകൾ എഴുതുന്ന വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ.

1. കോവിഡ് 19 സാഹചര്യം മൂലം പരീക്ഷകൾ എഴുതാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്കു മാത്രമാണ് ഇപ്പോൾ അവസരം നൽകുന്നത്.
2. ബെറ്റർമെന്റ് അവസരമായോ സപ്ലിമെന്ററി അവസരമായോ ഈ പരീക്ഷകളെ പ്രയോജനപ്പെടുത്താൻ പാടില്ല. അങ്ങനെ ശ്രദ്ധയിൽ പെട്ടാൽ അത്തരം വിദ്യാർത്ഥികളുടെ പരീക്ഷ ക്യാൻസൽ ചെയ്യുന്നതാണ്.
3. ആറാം സെമസ്റ്റർ റഗുലർ വിദ്യാർത്ഥികൾക്കും പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.
4. വെബ് സൈറ്റിൽ ലഭ്യമായ ഗൂഗിൾ ഫോം വഴി വിദ്യാർത്ഥികൾ 09.10.2020 ഉച്ചക്ക് 1 മണിക്കുള്ളിൽ തങ്ങളുടെ വിശദാംശങ്ങൾ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷിക്കാത്ത വിദ്യാർത്ഥികൾക്ക് പരീക്ഷയെഴുതാൻ അവസരം നൽകുന്നതല്ല.
5. സർവ്വകലാശാല നിഷ്കർഷിച്ചിട്ടുള്ള 14 കേന്ദ്രങ്ങളിൽ മാത്രമേ പരീക്ഷ എഴുതാൻ അനുവദിക്കുകയുള്ളൂ.
6. പ്രത്യേകമായി ഹാൾ ടിക്കറ്റ് അനുവദിക്കുന്നതല്ല. കൈവശമുള്ള ആറാം സെമസ്റ്റർ പരീക്ഷയുടെ ഹാൾ ടിക്കറ്റ് തന്നെയാണ് ഉപയോഗിക്കേണ്ടത്. ഹാൾ ടിക്കറ്റ് നഷ്ടപ്പെട്ടവർ മാതൃസ്ഥാപനത്തിന്റെ മേലധികാരിയുമായി ബന്ധപ്പെട്ട് പരിഹാരം തേടേണ്ടതാണ്. ഫോട്ടോ പതിച്ച മറ്റൊരു തിരിച്ചറിയൽ കാർഡു കൂടി പരീക്ഷാ കേന്ദ്രത്തിൽ ഹാജരാക്കേണ്ടതാണ്.
7. അപേക്ഷിച്ച വിദ്യാർത്ഥികൾ സർവ്വകലാശാലയുടെ അറിയിപ്പിനായി കാത്തു നിൽക്കേണ്ടതില്ല. തിരഞ്ഞെടുത്ത പരീക്ഷാ കേന്ദ്രങ്ങളിൽ സർവ്വകലാശാലാ വെബ് സൈറ്റിലെ ടൈം ടേബിൾ പ്രകാരം ഹാജരായാൽ മതിയാകും. വിദ്യാർത്ഥികളുടെ നോമിനൽ റോൾ പരീക്ഷാ കേന്ദ്രങ്ങൾക്ക് അയച്ചു നൽകുന്നതാണ്. ഈ പരീക്ഷകൾ മുൻപ് എഴുതിയിട്ടില്ല എന്ന സത്യവാങ്ങ്മൂലം പരീക്ഷാ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്നതും ആയത് വിദ്യാർത്ഥികൾ ഒപ്പിട്ടു നൽകേണ്ടതുമാണ്.

8/10/2020

പരീക്ഷാ കൺട്രോളർ